# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1127** 02.03.2017-ൽ മറുപടിക്ക്

**കണ്ണൂർ പഴയങ്ങാടിപ്പാലം പുതുക്കിപ്പണിയാൻ നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ ടി.വി.രാജേഷ്** | **ശ്രീ.ജി.സുധാകരൻ**<br>**പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി** |
| (എ) പിലാത്തറ - പാപ്പിനിശ്ശേരി കെ.എസ്.ടി.പി റോഡിന്റെ നിർമ്മാണ പ്രവൃത്തി അവസാന ഘട്ടത്തിലെത്തിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ, ഇതുവഴിയുള്ള വാഹനപ്പെരുപ്പം കണക്കിലെടുത്ത് ബലക്ഷയം സംഭവിച്ചു കൊണ്ടിരിക്കുന്ന പഴയങ്ങാടിപ്പാലം പുതുക്കിപ്പണിയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; പ്രസ്തുത പാലം ബലപ്പെടുത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ബി) ഈ റോഡിൽ വരുന്ന പഴയങ്ങാടി പാലത്തിന്റെ അറ്റകുറ്റപണികൾക്കായി 497 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയുണ്ടായി. എന്നാൽ ഈ പ്രവൃത്തി, ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പിലാത്തറ — പാപ്പിനിശ്ശേരി പദ്ധതിയിൽ ഉൾപ്പെടുത്തിയാൽ നിശ്ചിത സമയത്തിനുള്ളിൽ നിലവിലുള്ള പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുകയില്ല. നിർമ്മാണ തുക വർദ്ധിക്കുകയും ചെയ്യും. ഇതു സംബന്ധിച്ച് സർക്കാർ നടത്തിയ പുനരവലോകനയോഗത്തിൽ പഴയങ്ങാടി പാലത്തിന്റെ ബലപ്പെടുത്തൽ നിലവിലുള്ള പി.പി. റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ നിർദ്ദേശിക്കുകയുണ്ടായി. അതനുസരിച്ച് ഇപ്പോൾ എടുത്തിരിക്കുന്ന എസ്റ്റിമേറ്റ് വിശദമായി പരിശോധിക്കുന്നതിനും, വിശദമായ റിപ്പോർട്ടും, എസ്റ്റിമേറ്റും സമർപ്പിക്കുന്നതിനുമായി കൺസൾട്ടന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിർമ്മാണം ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ